17 ജൂൺ 2016 വെള്ളി

മലയാള മനോരമ

ESTABLISHED 1888

കൊച്ചി 26 പേജ് ₹ 6.50

ISSN-0972-0022 www.manoramaonline.com

ഗവേഷണം കർഷകർക്കു തുണയാകണം: കേന്ദ്രമന്ത്രി സഞ്ജീവ് കുമാർ ബല്യാൺ

സ്വന്തം ലേഖകൻ

കൊച്ചി • കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ശാസ്ത്രസമൂഹം കർഷകർക്കു പ്രയോജനകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണമെന്ന് കേന്ദ്രമന്ത്രി ഡോ. സഞ്ജീവ് കുമാർ ബല്യാൺ. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (സിഎംഎഫ്ആർഐ) കേന്ദ്ര കാർഷിക-കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെയും ശാസ്ത്രജ്ഞരുടെയും യോഗത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സമുദ്ര കൂടുകൃഷി വികസിപ്പിക്കുന്നതിൽ സിഎംഎഫ്ആർഐ നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. മോദ, വളവോടി, കലവ എന്നീ മത്സ്യങ്ങളുടെ വിത്തുൽപാദന സാങ്കേതികവിദ്യയുടെ വികസനം, നാഷനൽ ബ്രൂഡ് ബാങ്ക് തുടങ്ങിയ പദ്ധതികൾ സിഎംഎഫ്ആർഐ യുടെ മികച്ച സംഭാവനകളാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കൂടുകൃഷി കൂടുതൽ വ്യാപിക്കുന്നതിന് മാരികൾച്ചർ പോളിസി രൂപപ്പെടുത്തണമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ പറഞ്ഞു. കടലിൽ കൂടുകൃഷിനടത്തുന്നതിനുള്ള സാങ്കേതിക വിദ്യ ഇതിനകം കൈമാറിയിട്ടുണ്ട്. ഇത് വ്യാപകമാക്കുന്നതിന് സംസ്ഥാന തലത്തിൽ ഹാച്ചറികളും നഴ്സറികളും ആവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സിഐഎഫ്ടി, സിഫ്നെറ്റ്, എഫ്എസ്ഐ, നിഫാറ്റ്, എൻബിഎഫ്ജി ആർ, സിഫ്രി, കോക്കനട്ട് ഡവലപ്മെന്റ് ബോർഡ്, സ്പൈസസ് ബോർഡ്, പ്ലാന്റ് ക്വാറന്റൈൻ ഇൻഫർമേഷൻ സിസ്റ്റം, ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആൻഡ് കൊക്കോ ഡവലപ്മെന്റ് എന്നീ സ്ഥാപനങ്ങളിലെ മേധാവികളും ശാസ്ത്രജ്ഞരും യോഗത്തിൽ സംബന്ധിച്ചു.